LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

ഏഴാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

1985 ജൂലായ് 29, തിങ്കൾ

വാല്യം [LXIV] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 18

നിയമസഭ 1985 ജൂലായ് 29-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

i. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു).

(1) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

പഞ്ചായത്തുകൾക്കുള്ള ഗ്രാൻറുകൾ

* 339. [399] ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ :
,, എസ്. ഗോവിന്ദക്കുറുപ്പ് :
,, എം. ജിനദേവൻ :
,, എൻ. ചന്ദ്രശേഖരക്കുറുപ്പ് :
,, കെ. പി. അരവിന്ദാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പഞ്ചായത്തുകൾക്ക് ഏതെല്ലാം തരത്തിലുള്ള ഗ്രാൻറുകളാണ് നൽകുന്നത് ;

(ബി) സ്പെഷ്യൽ ഗ്രാൻറ് നൽകുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡമെന്താണ് ;

(സി) ഏതെല്ലാം വികസന പ്രവർത്തനങ്ങൾക്കാണ് സ്പെഷ്യൽ ഗ്രാൻറ് നൽകുന്നത് ;

(ഡി) ഒരു വർഷം ഒരു പഞ്ചായത്തിന് കുറഞ്ഞത് എത്ര രൂപയുടെ സ്പെഷ്യൽ ഗ്രാൻറ് നൽകണമെന്ന് വല്ല നിർദ്ദേശവും സർക്കാരിന്റെ മുൻപിലുണ്ടോ ; എങ്കിൽ എത്ര ;

(ഇ) ഇതനുസരിച്ച് സംസ്ഥാനത്തെ ഏതെല്ലാം പഞ്ചായത്തുകൾക്ക് 1984-85 വർഷത്തിൽ സ്പെഷ്യൽ ഗ്രാൻറ് നൽകിയിട്ടുണ്ട് ;

(എഫ്) 1980-81 മുതൽ 1984-85 വരെ ഈ ഇനത്തിൽ പഞ്ചായത്തുകൾക്ക് എന്തു തുക വീതം സ്പെഷ്യൽ ഗ്രാൻറായി നൽകിയിട്ടുണ്ട് ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. സി. എം. സുന്ദരം) :

(എ) പഞ്ചായത്തുകൾക്ക് താഴെ പറയുന്ന ഗ്രാൻറുകളാണ് ഗവൺമെൻറിൽ നിന്നും നൽകുന്നത്.

സ്പെഷ്യൽ ഗ്രാൻറ്, ബ്ലോക്ക് ഗ്രാൻറ്, കെട്ടിടനിർമ്മാണ ഗ്രാൻറ്, എസ്റ്റാബ്ലിഷ്മെൻറ് ഗ്രാൻറ്, ഇനിഷ്യൽ ഗ്രാൻറ്, ആഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ള എസ്റ്റാബ്ലിഷ്മെൻറ് ഗ്രാൻറുകൾ, ആരോഗ്യവകുപ്പിൽ നിന്നും സ്ഥലം മാറിവന്ന കൺസർവൻസിക്കാർക്കുള്ള ശമ്പളം, സ്പോർട്സ് ആൻറ് ഗെയിംസ് ഗ്രാൻറ്, ഓപ്പൺ എയർ തിയേറ്റർ ഗ്രാൻറ്, ഡ്രെയിൻസ് ആൻറ് ലാട്രിൻസ് ഗ്രാൻറ്, ബേസിക് ടാക്സ് ഗ്രാൻറ്, ഏഴിനപരിപാടി അനുസരിച്ചുള്ള ഗ്രാൻറ്, സാമ്പത്തികമായി അവശതയനുഭവിക്കുന്ന വിഭാഗങ്ങൾക്ക് പരിസരശുചീകരണത്തിനുള്ള ഗ്രാൻറ്, പ്രത്യേക പദ്ധതിവിഹിതപ്രകാരമുള്ള ഗ്രാൻറ്, റയിൽവേ ലവൽ ക്രോസിംഗുകളുടെ സംരക്ഷണം, ശുദ്ധജല വിതരണ സംരക്ഷണചെലവുകൾക്കുള്ള മാച്ചിംഗ് ഗ്രാൻറ്, ബഡിയൽ ആൻറ് ബേണിംഗ് ഗ്രൗൻറ്, ലൈറ്റിംഗ് ഗ്രാൻറ്, പൊതുമരാമത്ത് വകുപ്പിൽ നിന്ന് സ്ഥലം മാറിവന്ന കടത്തുകാർക്ക് ശമ്പളം, വി. ആർ. എം. ഗ്രാൻറ്, മൈനർ ഇറിഗേഷൻ ഗ്രാൻറ്, അഡ്ഹോക്ക് ഗ്രാൻറ്.

(ബി) (1) വികസനപ്രവർത്തനങ്ങളിൽ ഓരോ പ്രദേശത്തിനുമുള്ള പിന്നോക്കാവസ്ഥ.

(2) പഞ്ചായത്തുകളുടെ സാമ്പത്തികസ്ഥിതി

(3) ഒരുവർഷത്തിൽ ആകെ ലഭിക്കുന്ന ഗ്രാൻറ് 25,000 രൂപയായിരിക്കും.

(4) മൂന്ന് ഇനങ്ങളിൽ കൂടുതൽ ഒരു വർഷം ഒരു പഞ്ചായത്തിന് ഗ്രാൻറിന് അർഹത ഉണ്ടാകുന്നതല്ല.

(5) കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ഒരു ഗ്രാൻറും ലഭിച്ചിട്ടില്ലാത്ത പഞ്ചായത്തിന് മുൻഗണന ഇവയാണ് പഞ്ചായത്തുകൾക്ക് സ്പെഷ്യൽ ഗ്രാൻറ് നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം.

(സി) പഞ്ചായത്ത് ആഫീസ് കെട്ടിടനിർമ്മാണം, അതിൻെറ വികസനം, ആശുപത്രി കെട്ടിട നിർമ്മാണം, ആശുപത്രികളിൽ പുതിയ വാർഡുകൾ സ്ഥാപിക്കൽ, ഗ്രാമജലവിതരണത്തിനുള്ള സംഭാവന, സ്ക്കൂൾ കെട്ടിട നിർമ്മാണം, കോടതിവിധി മാനിക്കൽ, പാലംപണി (നടപ്പാലം ഉൾപ്പെടെ) സിവിൽ വർക്കുകൾ, ചന്ത, കളിസ്ഥലം, പാർക്ക്, വെയിറ്റിംഗ് ഷെഡ്, ബാലവാടി, കമ്മ്യൂണിറ്റിഹാൾ, വായനശാല കെട്ടിടം എന്നിവയ്ക്കുവേണ്ടി ഭൂമി ഏറ്റെടുക്കൽ, ഫെറി സർവ്വീസ്, ഡ്രെയിനേജ് സൗകര്യം ഏർപ്പെടുത്തൽ, വെള്ളപ്പൊക്കദുരിതാശ്വാസപ്രവർത്തനം, ശ്മശാനങ്ങൾക്കുള്ള ഭൂമി ഏറ്റെടുക്കൽ പുതിയ റോഡുകളുടെ നിർമ്മാണം എന്നീ കാര്യങ്ങൾക്കാണ് പഞ്ചായത്തുകൾക്ക് ഗ്രാൻറ് അനുവദിക്കുന്നത്.

(ഡി) ഇല്ല.

(ഇ) 1984-85 വർഷത്തിൽ സ്പെഷ്യൽ ഗ്രാൻറ് നൽകി അതിൻെറ വിശദവിവരം അടങ്ങിയ സ്റ്റേറ്റുമെൻറ് അതിനോടൊപ്പം വച്ചിട്ടുണ്ട്.†

(എഫ്) 1980-81—56,50,500 രൂപ
1981-82—44,08,100 രൂപ
1982-83—52,00,000 രൂപ
1983-84—48,00,000 രൂപ
1984-85—62,41,000 രൂപ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ : ഓരോ വർഷവും പഞ്ചായത്തുകൾക്ക് 25,000 രൂപയെങ്കിലും സ്പെഷ്യൽ ഗ്രാൻറ് അനുവദിക്കണമെന്ന് സബ്ജക്ട് കമ്മിറ്റിയുടെ കഴിഞ്ഞ കൊല്ലത്തെ തീരുമാനം പ്രാവർത്തികമാക്കിയിട്ടുണ്ടോ ?

ശ്രീ. സി. എം. സുന്ദരം : ഓരോ വർഷവും 25,000 രൂപ ഒരു പഞ്ചായത്തിന് നൽകണമെന്നുള്ളത് ഉണ്ടെങ്കിലും അതെല്ലാംതന്നെ സാമ്പത്തിക പരിമിതി വച്ചുകൊണ്ട് മാത്രമേ നൽകുവാൻ സാധിക്കുകയുള്ളൂ.

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ : സ്പെഷ്യൽ ഗ്രാൻറ് കൊടുത്ത കണക്ക് ഇവിടെ പറയുമ്പോൾ കൂടുതൽ പഞ്ചായത്തുകൾക്ക് കൊടുത്തു എന്ന് പറയുന്നുണ്ടെങ്കിലും ആകെ സംഖ്യ കണക്കാക്കുമ്പോൾ 1981-82-നേക്കാളും 83-84-ൽ കുറവ്, 1983-84-നേക്കാൾ 1984-85-ൽ കുറവ്. ഇങ്ങനെ പഞ്ചായത്തുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടെങ്കിലും കൊടുക്കുന്ന സംഖ്യ ചുരുങ്ങിവരുന്നതായിട്ടാണ് കാണുന്നത്. യഥാർത്ഥത്തിൽ പഞ്ചായത്തുകളുടെ പ്രവർത്തനം നടത്താനാവശ്യമായ ഗ്രാൻറ് നൽകുന്നതിന് സത്വരമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. സി. എം. സുന്ദരം : സ്വീകരിക്കും.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : 1-1-1978-ലെ ഉത്തരവ് അനുസരിച്ച് പഞ്ചായത്തുകൾക്ക് നൽകേണ്ട ബേസിക് ടാക്സിൻറെ വിഹിതം എത്ര വർഷമായി ഗവൺമെൻറ് കൊടുക്കാതിരിക്കുന്നു ? അതിന് പ്രത്യേകമായ കാരണമെന്താണ് ? ഇടനിലക്കാർ എന്ന തരത്തിൽ ജനങ്ങളിൽ നിന്ന് പിരിച്ചെടുക്കുന്ന സംഖ്യ സർക്കാർ പഞ്ചായത്തുകളെ ഏല്പിക്കാതിരിക്കുന്നതിൻറെ ഫലമായുള്ള ബുദ്ധിമുട്ട് ഗവൺമെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. സി. എം. സുന്ദരം : റവന്യൂ വകുപ്പ് പിരിക്കുന്ന അടിസ്ഥാന നികുതി (ബേസിക് ടാക്സ് 1-1-1978 മുതൽ പഞ്ചായത്തുകൾക്ക് ഗ്രാൻറ് നൽകുന്നതിന് ഉത്തരവായി. എന്നാൽ ജില്ലാകളക്ടർമാരിൽ നിന്നും പഞ്ചായത്തുകൾക്കു വിവരങ്ങൾ ലഭിക്കാത്തതുമൂലം ഇതുവരെ ഈ ഗ്രാൻറ് പൂർണ്ണമായി വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല. മേൽപടി ഇനത്തിൽ 1982-83-ൽ ഒരുകോടി രൂപ ബഡ്ജറിൽ വകയിരുത്തിയിരുന്നുവെങ്കിൽ മുപ്പത്തിമൂന്നുലക്ഷത്തി ഏഴായിരത്തി നാനൂററിതൊണ്ണൂററിആറ് രൂപ കൊല്ലം, എറണാകുളം എന്നീ ജില്ലകളിലെ 117 പഞ്ചായത്തുകൾക്ക് വിതരണം ചെയ്തു. ബാക്കി ഉണ്ടായിരുന്ന തുകയിൽ 15 ലക്ഷത്തോളം രൂപ മൈനർ ഇറിഗേഷൻ വകുപ്പിൽ നൽകുന്നതിലേക്ക് വക മാറ്റുകയും 51 ലക്ഷം രൂപ സറണ്ടർ ചെയ്യുകയും ചെയ്തു. 1983-84-ൽ മേൽപടി ഇനത്തിൽ 1.5 കോടിരൂപ ബഡ്ജറിൽ വകകൊള്ളിച്ചിരുന്നു. അതിൽ ഒരു കോടി ഇരുപത്തിനാലിൽ ചിലവാനം രൂപ കൊല്ലം, എറണാകുളം, പാലക്കാട്, കണ്ണൂർ, വയനാട്, മലപ്പുറം, എന്നീ ജില്ലകളിലെ 394 പഞ്ചായത്തുകൾക്ക് വിതരണം ചെയ്യുകയും ബാക്കിയുള്ള 87 ലക്ഷം രൂപ സറണ്ടർ ചെയ്യുകയും ചെയ്തു. മേൽപടി തുക കൊണ്ട് ഒരു ജില്ലയിലെ പഞ്ചായത്തുകൾക്ക് ഒരു കൊല്ലത്തെ ഗ്രാൻറ് പോലും നൽകാൻ സാധിക്കാതെ വന്നതുകൊണ്ടാണ് സറണ്ടർ ചെയ്തിട്ടുള്ളത്. മേൽപടി ആണ്ടിൽ മലപ്പുറം ജില്ലയിൽ വിതരണം ചെയ്ത വകയിൽ പത്തുലക്ഷത്തി നാല്പത്തിനാലായിരം രൂപ സർക്കാരിൻറെ സാമ്പത്തികനിയന്ത്രണം മൂലം പഞ്ചായത്തുകൾക്ക് വകവച്ചുകൊടുക്കുവാൻ സാധിക്കാത്തതുമൂലം ലാപ്സായി പോയിട്ടുണ്ട്. മേൽപടി തുക 1984-85-ൽ റീവാലിഡേറ്റ് ചെയ്തു കൊടുക്കുകയും ചെയ്തു. എല്ലാ കളക്ടർമാരിൽ നിന്നും ബേസിക്ടാക്സ് പിരിവിൻറെ വിവരങ്ങൾ ലഭിക്കാത്തതുമൂലം 1982-83-ൽ മേൽപടി ഇനത്തിൽ തുകയൊന്നും വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല. 1984-85-ൽ ബേസിക്ടാക്സ്

LIBRARY ARCHIVES Kerala Legislative Assembly

ഗ്രാന്റ് നല്കിയതിലേക്കായി 2.50 കോടി രൂപ ബഡ്ജറ്റിൽ വക കൊള്ളിച്ചിരുന്നു. അതിൽ ഒരു കോടി തൊണ്ണൂറ്റിരണ്ടായിരം രൂപ കണ്ണൂർ, കാസർകോട്, ഇടുക്കി, ജില്ലകളിലെ പഞ്ചായത്തുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്.. ബാക്കിയുള്ള 57 ലക്ഷം രൂപ സർക്കാരിന്റെ സാമ്പത്തിക നിയന്ത്രണം മൂലവും ഇടുക്കി ജില്ലയിൽ നിന്നും ആവശ്യമായ റിപ്പോർട്ടുകൾ ജില്ലാകളക്ടർമാരിൽ നിന്ന് ലഭിക്കാത്തതുകൊണ്ടും വിതരണം ചെയ്യാൻ സാധിക്കാതെ സറണ്ടർ ചെയ്യേണ്ടിവന്നു. 1985-86-ലെ ബഡ്ജറ്റിൽ തുടർപടി ആവശ്യത്തിലേക്ക് 2.5 കോടി രൂപ കൊള്ളിച്ചിട്ടുണ്ട്. ഇത് പഞ്ചായത്തുകൾക്ക് ഇപ്പോൾ നല്കിക്കൊണ്ടിരിക്കുന്ന നിരക്കിൽ 75 ശതമാനം ബേസിക്ക് ഗ്രാന്റുകൾ നല്കുവാൻ പര്യാപ്തമാണ്.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : പഞ്ചായത്തുകളുടെ സർവ്വതോൻമുഖമായ അഭിവൃദ്ധിക്കുപകരിക്കുമായിരുന്ന ഏഴിനപരിപാടിക്ക് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വിവിധ മേഖലകളിൽ കൊടുത്തിട്ടുള്ള ഗ്രാന്റ്–സഹായധനം–എന്താണെന്ന് വ്യക്തമാക്കുമോ ?

ശ്രീ. സി. എം. സുന്ദരം : അതിന് പ്രത്യേക ചോദ്യം വേണം.

ശ്രീ. എം. ജിനദേവൻ : സ്പെഷ്യൽ ഗ്രാന്റ് നൽകുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം പഞ്ചായത്തുകളുടെ പിന്നോക്കാവസ്ഥ, സാമ്പത്തിക സ്ഥിതി തുടങ്ങിയവയാണെന്ന് രണ്ടാമത്തെ ചോദ്യത്തിന് മറുപടിയായി ഇവിടെ പറഞ്ഞു. എന്നാൽ ഈ മാനദണ്ഡങ്ങളെയെല്ലാം മറികടന്ന് വകുപ്പു അദ്ധ്യക്ഷനേയും വകുപ്പ് മന്ത്രിയുടേയും പ്രത്യേക താല്പര്യ പ്രകാരം ചില പഞ്ചായത്തുകൾക്ക് ഗ്രാന്റ് നല്കുന്ന ഇന്നത്തെ ഈ സമ്പ്രദായം അവസാനിപ്പിച്ച് സബ്ജക്ട് കമ്മിറ്റി ശുപാർശ ചെയ്ത പ്രകാരം 25,000 രൂപയെങ്കിലും ഒരു പഞ്ചായത്തിന് വർഷം തോറും ഗ്രാന്റ് നൽകണമെന്ന ആ ശുപാർശ നടപ്പാക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. സി. എം. സുന്ദരം : സബ്ജക്ട് കമ്മിറ്റി നിർദ്ദേശിച്ച പ്രകാരം 25,000 രൂപ ഓരോ പഞ്ചായത്തിനും കൊടുക്കണമെന്ന് തന്നെയാണ് ഗവൺമെന്റിന്റെ താല്പര്യം. എന്നാൽ സാമ്പത്തികമായ നിയന്ത്രണങ്ങളും അതിനു വേണ്ട ബഡ്ജറ്റുതുകയും കിട്ടാതിരിക്കുന്നിടത്തോളം കാലം അതു നടപ്പിലാക്കാൻ സാദ്ധ്യമല്ല.

ശ്രീ. എം. ജിനദേവൻ : ഏഴിന പരിപാടിയിൽപെടുത്തി കുറച്ചു പൈസ മുടക്കി കുറച്ചു പ്രവർത്തനങ്ങൾ നടത്തി, അത് പൂർത്തിയാക്കാതെ നിൽക്കുന്നു. അത്തരം പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ അത് പൂർത്തിയാക്കുന്നതുവരെ ആ പഞ്ചായത്തുകൾക്ക് ഈ സ്പെഷ്യൽ ഗ്രാന്റ് കൊടുക്കുകയും അത് ഈ ആവശ്യത്തിനുവേണ്ടിമാത്രം ഉപയോഗിക്കണമെന്ന് കർശനമാക്കുകയും ചെയ്യാമോ ?

ശ്രീ. സി. എം. സുന്ദരം : പരിശോധിച്ച് വേണ്ടത് ചെയ്യാം.

ശ്രീ. കെ. പി. അരവിന്ദാക്ഷൻ : സ്പെഷ്യൽ ഗ്രാന്റ് നൽകുന്നതിനെ സംബന്ധിച്ച് ബഡ്ജറ്റ് പ്രൊവിഷന്റെ പരിമിതിമൂലം വേണ്ടത്ര കൊടുക്കാൻ കഴിയുന്നില്ലെന്ന് മന്ത്രി പറഞ്ഞു. സ്റ്റാറ്റ്യൂട്ടറിയായി കൊടുക്കേണ്ട ഗ്രാന്റുകൾതന്നെ—സ്റ്റാമ്പ് ഡ്യൂട്ടി അതുപോലുള്ള ബേസിക്ക് ടാക്സിന്റെ ഗ്രാന്റുകൾ അവ പോലും കഴിഞ്ഞ രണ്ടു വർഷങ്ങളായി, മാർച്ച് മാസത്തിലാണ് അതു സാധാരണ ഡിസ്ബേഴ്സ് ചെയ്യാറ്, അതിനുമുമ്പ് കൊടുക്കേണ്ടതില്ല എന്ന പേമെന്റ് റസ്ട്രിക്ഷൻ ഓർഡർ അയച്ചുകൊടുക്കുന്നില്ല, കുടിശ്ശികയാണ്. അങ്ങനെ ഫലത്തിൽ ഒന്നും കൊടുക്കാത്ത

LIBRARY ARCHIVES Kerala Legislative Assembly

ഒരു സാഹചര്യമാണ് എന്ന് മനസ്സിലാക്കി. അതിന് ബഡ്ജറ്റ് പ്രൊവിഷൻ തടസ്സമല്ലല്ലോ. സർക്കാർ ഒരു ഏജൻസി എന്ന നിലയ്ക്ക് പിരിച്ചെടുത്ത് അവർക്ക് കൊടുക്കാൻ നിയമപ്രകാരം ബാദ്ധ്യതപ്പെട്ടതാണ്. ആ സംഖ്യയെങ്കിലും കൃത്യമായി കൊടുക്കുന്നതിന്, അത് പിടിച്ചുവയ്ക്കാതിരിക്കുന്നതിന് നടപടിയെടുക്കാൻ കഴിയുമോ? എത്ര സംഖ്യവരെ അങ്ങനെ കൊടുക്കാൻ ബാക്കിയുണ്ട് എന്ന് വെളിപ്പെടുത്താമോ?

ശ്രീ. സി. എം. സുന്ദരം : സാമ്പത്തിക നിയന്ത്രണവും ബഡ്ജറ്റിൽ വേണ്ടത്ര കൊള്ളിക്കാതിരിക്കുകയും ചെയ്യുന്നിടത്തോളംകാലം ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം നിയന്ത്രണംമൂലം മാത്രമേ പഞ്ചായത്തുകൾക്ക് വിതരണം ചെയ്യേണ്ട സംഖ്യ വിതരണം ചെയ്യാൻ സാധിക്കുകയുള്ളു. ആ കാര്യത്തിൽ മറ്റൊരു അഭിപ്രായം പറയാൻ ഇപ്പോൾ സാദ്ധ്യമല്ല.

ശ്രീ. കെ. പി. അരവിന്ദാക്ഷൻ : ഞാൻ ആദ്യം ചോദിച്ചത് ബഡ്ജറ്റ് പ്രൊവിഷൻ കൂടാതെതന്നെ ഒരു ഏജൻസി എന്ന നിലയ്ക്ക് പിടിച്ചെടുക്കുന്ന സ്റ്റാമ്പ് ഡ്യൂട്ടിയുടെയും അതുപോലുള്ള നികുതികളെങ്കിലും വീതിച്ചുകൊടുക്കുമ്പോൾ അതിലൊരു ഏജൻസിമാത്രം ആണ് ഗവൺമെൻറ്. അതിൽ എന്തെങ്കിലും കൊടുക്കാൻ കഴിയുമോ എന്നുള്ളതാണ്. രണ്ടാമത്തെ ചോദ്യം, പഞ്ചായത്തുകളുടെ ക്ലാസിഫിക്കേഷൻ നടത്തുമ്പോൾ ടാക്സിനു പുറമെ മുൻവർഷത്തെ ഗ്രാൻറുകൂടി കണക്കാക്കിയാൽ ഇപ്പോൾ അശാസ്ത്രീയമായ സമ്പ്രദായത്തിലാണ് എടുക്കുന്നത്. അതുകൊണ്ട് മിക്ക പഞ്ചായത്തുകളും അത് സ്പെഷ്യൽ ഗ്രാൻറായി ഉയർത്തുന്നു. സ്റ്റാഫ് കൂടുന്നു, ശമ്പളച്ചെലവ് കൂടുന്നു, എന്നാൽ ഈ ഗ്രാൻറ് കൊടുക്കുന്നുമില്ല. ഈ സാഹചര്യത്തിൽ സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തുകൾക്കുപോലും ശമ്പളം കൊടുക്കാനും വിദ്യുച്ഛക്തി ചാർജ് അടയ്ക്കാനുംപോലും കഴിയാത്ത രീതിയിലായിരിക്കുകയാണ്. അതുകൊണ്ട് ശമ്പളം കൃത്യമായി കൊടുക്കാനെങ്കിലുമുള്ള നടപടി കൈക്കൊള്ളാനും ഗ്രഡേഷനിൽ ഇതിന് ഒരു പ്രത്യേകമായ നിയമം ഉണ്ടാക്കി മാറ്റുക, അല്ലെങ്കിൽ കൃത്യമായി കാശ് കൊടുക്കുക, അല്ലെങ്കിൽ പഞ്ചായത്തു കമ്മിറ്റികൾ പിരിച്ചുവിട്ടപോലെ പഞ്ചായത്തുകളും പിരിച്ചുവിടുക, ഈ മൂന്നിൽ ഏതെങ്കിലും ഒന്ന് അംഗീകരിക്കാൻ അങ്ങേയ്ക്ക് കഴിയുമോ?

ശ്രീ. സി. എം. സുന്ദരം : ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം ഇപ്പോൾ ഗവൺമെൻറിൻെറ പരിഗണനയിലും അതേ അവസരത്തിൽ പഞ്ചായത്ത് ഫൈനാൻസ് കമ്മീഷനെക്കൊണ്ട് ഈ കാര്യങ്ങളിൽ എല്ലാം വിശദമായി പരിശോധിച്ച് നിർദ്ദേശം നൽകുവാൻവേണ്ടി പഞ്ചായത്ത് ഫൈനാൻസ് കമ്മീഷനെ ഏൽപ്പിച്ചുകൊടുത്തിട്ടുമുണ്ട്.

ശ്രീ. കെ. സി. ജോസഫ് : ഈ സംസ്ഥാന ഗവൺമെൻറ് ചില പഞ്ചായത്തുകളെ ഗ്രാമോൽസവ പഞ്ചായത്തുകളായി തെരഞ്ഞെടുത്തു. ഫണ്ട്സിൻെറ അപര്യാപ്തതമൂലം ഗ്രാമോൽസവ പരിപാടികളൊന്നും നടക്കുന്നില്ല, പഞ്ചായത്തുകൾക്കുള്ള ഗ്രാൻറ് നൽകുമ്പോഴും സ്റ്റാമ്പ് ഡ്യൂട്ടി വിഹിതം നൽകുമ്പോഴും ഗ്രാമോൽസവ പഞ്ചായത്തുകൾക്ക് ഒരു മുൻഗണന നൽകാൻ തയ്യാറാകുമോ?

ശ്രീ. സി. എം. സുന്ദരം : ഗ്രാമോൽസവ പഞ്ചായത്തുകൾക്ക് സാധാരണ മുൻഗണന നൽകാറുണ്ട്. അതിനുവേണ്ടി പ്രത്യേക സംഖ്യകളൊക്കെ നീക്കിവയ്ക്കുന്നുണ്ട്, നൽകിയിട്ടുള്ളതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ജെ. തങ്കപ്പൻ : 1984-85 സാമ്പത്തികവർഷം പഞ്ചായത്തുകൾക്ക് കൊടുക്കേണ്ട ബേസിക് ടാക്സിന്റെ വിഹിതം എത്രയാണെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ ? ഒരു പൈസയെങ്കിലും ഏതെങ്കിലും പഞ്ചായത്തിന് അതിന്റെ അടിസ്ഥാനത്തിൽ വിഹിതം നൽകിയിട്ടുണ്ടോ ?

ശ്രീ. സി. എം. സുന്ദരം : ബേസിക് ടാക്സിന്റെ കാര്യത്തിൽ എത്രയാണോ അടിസ്ഥാനനികുതിയായി ഓരോ ജില്ലയിലും പിരിക്കുന്നത് ആ നികുതിയിൽ 3 ശതമാനം റവന്യൂ ഡിപ്പാർട്ടുമെന്റ് പിരിവിനത്തിൽ അവർ എടുക്കുകയും 97 ശതമാനം പഞ്ചായത്തുകൾക്ക് വിതരണത്തിനുവേണ്ടി ചെയ്യുന്നതാണ്- ഇതിന്റെ മാനദണ്ഡം. ആ നിലയ്ക്ക് ഓരോ ജില്ലയിലും എത്രയാണോ ബേസിക് ടാക്സ് പിരിക്കുക, അതിൽ എത്രയാണ് വിതരണം ചെയ്യുക എന്നുള്ളത് പ്രത്യേകം പ്രത്യേകം ജില്ലകളുടെ കണക്കുകളും മറ്റു കാര്യങ്ങളും വ്യത്യസ്തമാണ്. അതുകൊണ്ട് അതിന്റെ കണക്ക് എങ്ങനെ ശേഖരിക്കുന്നു എന്നുള്ളതും എങ്ങനെ പണം കളക്ട് ചെയ്യുന്നു എന്നുള്ളതും ഞാൻ പറഞ്ഞുകഴിഞ്ഞിരിക്കുകയാണ്.

ശ്രീ. കെ. മുഹമ്മദാലി : ഗവൺമെന്റ് നൽകുന്ന ഗ്രാന്റും മറ്റു മാർഗ്ഗങ്ങളും ഉപയോഗിച്ചുകൊണ്ട് പഞ്ചായത്തുകൾക്ക് നൽകിവരുന്ന വികസന പ്രവർത്തനങ്ങൾ വളരെ വേഗത്തിൽ മുന്നോട്ട് കൊണ്ടുപോകുവാൻ പറ്റാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. പഞ്ചായത്ത് ഭരണസമിതികളുടെ അധികാരം താലൂക്ക് പഞ്ചായത്ത് ആഫീസർമാർക്കാണ് ഇന്ന് ഏൽപ്പിച്ചുകൊടുത്തിരിക്കുന്നത്. അത് ഡെലിഗേറ്റ് ചെയ്യുവാൻ തയ്യാറില്ലെങ്കിൽ കാലതാമസം ഉണ്ടാകും. താലൂക്ക് പഞ്ചായത്ത് ആഫീസർമാർക്ക് നൽകുന്ന അധികാരം ഡെലിഗേറ്റ് ചെയ്തുകൊണ്ട് സുഗമമായി കാര്യങ്ങൾ നടത്തിക്കൊണ്ടുപോകുവാൻ ഉള്ള ഏർപ്പാടുകൾ ഉണ്ടാക്കുമോ ?

ശ്രീ. സി. എം. സുന്ദരം : ബഹുമാനപ്പെട്ട അംഗം പറഞ്ഞത് പരിശോധിക്കാം.

ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി) : ഏഴിന പരിപാടി അനുസരിച്ച് ഏറെടുത്ത പരിപാടികൾ ചില പഞ്ചായത്തുകളിൽ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. ഇത് കോൺട്രാക്ടർമാരെ സംബന്ധിച്ചിടത്തോളം വലിയ സാമ്പത്തിക നഷ്ടമാണ്. അതോടൊപ്പം ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം അത് വലിയ അപമാനകരവുമാണ്. കമ്മ്യൂണിറ്റി ഹാൾ പോലുള്ള പണികളുടെ കാര്യത്തിൽ പ്രത്യേകിച്ചും. അതുകൊണ്ട് സ്പെഷ്യൽ ഗ്രാന്റ് അനുവദിക്കുമ്പോൾ അത്തരം പണികൾ പൂർത്തീകരിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കുമോ ?

ശ്രീ. സി. എം. സുന്ദരം : അത്തരം കാര്യങ്ങൾ പരിശോധിച്ച് വേണ്ട നടപടി എടുക്കാം.

ശ്രീ. ഇ. ജെ. ലൂക്കോസ് : സ്വന്തമായി ആഫീസ് കെട്ടിടം ഇല്ലാത്ത പഞ്ചായത്തുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സ്പെഷ്യൽ ഗ്രാന്റ് നൽകുമോ ? ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. സി. എം. സുന്ദരം : സ്വീകരിക്കാം.

ശ്രീ. കെ. കൃഷ്ണൻകുട്ടി : ഗ്രാന്റ് കൊടുക്കാത്തതുമൂലം പഞ്ചായത്ത് റോഡുകളുടെ സ്ഥിതി വളരെ മോശമാണ്. വെള്ളപ്പൊക്കം വന്നപ്പോൾ പഞ്ചായത്ത് റോഡിന് ഒരു സംഖ്യയും ഗവൺമെന്റ് അനുവദിച്ചില്ല എന്നുള്ളത്

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷത്തുള്ള ഞങ്ങളൊക്കെ ശ്രദ്ധയിൽ പെടുത്തിയപ്പോൾ ബഹുമാനപ്പെട്ട മന്ത്രി അന്ന് മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും മുഖ്യമന്ത്രി അത് ചീഫ് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചീഫ് സെക്രട്ടറി റവന്യൂ സെക്രട്ടറിയെ കാണാൻ പറയുകയും ചെയ്തു എന്ന് കേൾക്കുന്നത് ശരിയാണോ ? ഈ കഴിഞ്ഞ വെള്ളപ്പൊക്കത്തിന് പഞ്ചായത്ത് റോഡിന്റെ പണികൾക്ക് ഏതെങ്കിലും ഇനത്തിൽ പൈസ കിട്ടിയോ ?

ശ്രീ. സി. എം. സുന്ദരം : ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി ഡൽഹിയിൽനിന്ന് മടങ്ങിയെത്തിയാൽമാത്രമേ വിവരം കിട്ടുകയുള്ളൂ.

ശ്രീ. കെ. രാഘവൻ മാസ്റ്റർ : ഗിരിവർഗ്ഗക്കാർ താമസിക്കുന്ന വളരെ ഇൻറീരിയറായി കിടക്കുന്ന പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം വികസനത്തിന് വേണ്ടത്ര ശ്രദ്ധ കിട്ടുന്നില്ല, കേന്ദ്രഗവൺമെന്റുതന്നെ പ്രത്യേക താൽപ്പര്യം പരിഗണിച്ച് ഗിരിവർഗ്ഗക്കാരുടെ ട്രൈബൽ ബ്ലോക്കുകൾ ഉണ്ടാക്കിയിട്ടുണ്ട്. അതുപോലെ ഗിരിവർഗ്ഗക്കാർ ബഹുഭൂരിപക്ഷം താമസിക്കുന്ന പഞ്ചായത്തുകളെ ഗിരിവർഗ്ഗ പഞ്ചായത്തുകളായി പ്രഖ്യാപിച്ചുകൊണ്ട് അവർക്ക് പ്രത്യേക ഗ്രാൻറ് നൽകി അതിനുവേണ്ടിയുള്ള നടപടികളെക്കുറിച്ച് ആലോചിക്കുമോ ?

ശ്രീ. സി. എം. സുന്ദരം : ഇപ്പോൾ ഗവൺമെൻറിന്റെ ആലോചനയിൽ അക്കാര്യം ഇല്ല.

ശ്രീ. സി. ടി. കൃഷ്ണൻ : പഞ്ചായത്തുകൾക്ക് മുൻകാലങ്ങളിൽ നൽകിയിരുന്ന ഗ്രാൻറുകൾ അതാതു അവസരങ്ങളിൽ നൽകാത്തതുകാണ്ട് പല പഞ്ചായത്തുകളും സാമ്പത്തിക വിഷമം അനുഭവിക്കുകയാണ്. അതിന്റെ ഫലമായി ഏഴിന പരിപാടി അനുസരിച്ചുള്ള പ്രവർത്തനങ്ങൾക്ക് പണം കൊടുക്കുന്നില്ല, അതുപോലെ വായനശാലകൾക്ക് നൽകിയിരുന്ന ദിനപ്പത്രങ്ങൾ, ഫർണിച്ചർ ഗ്രാൻറുകൾ ഇതെല്ലാം നിറുത്തിവച്ചിരിക്കുകയാണ്. അതുകൊണ്ട് അത്തരത്തിലുള്ള പത്രങ്ങളും ഫർണിച്ചറും മറ്റു വിധത്തിലുള്ള സഹായങ്ങളും വായനശാലകൾക്ക് തുടർന്ന് കൊടുക്കാനുള്ള നടപടികളെപ്പറ്റി മന്ത്രി ആലോചിക്കുമോ ?

ശ്രീ. സി. എം. സുന്ദരം : ഏഴിന പരിപാടികളിൽ പണം കൊടുക്കാത്ത അത്തരം പരാതികളില്ല. അതാതു കാലഘട്ടങ്ങളിൽ പണി പൂർത്തിയാകുന്ന വിധത്തിൽ അവർക്ക് നൽകേണ്ട സംഖ്യകളെല്ലാം നൽകിവരുന്നുണ്ട്.

ഡോ. കെ. സി. ജോസഫ് : വെള്ളപ്പൊക്കംകൊണ്ട് നശിച്ചുപോയ റോഡുകളുടെ പണി പുനരാരംഭിക്കാൻ എത്ര തുക കൊടുക്കാൻ കഴിയുമെന്നുള്ളത് റവന്യൂ മന്ത്രി വന്നതിനുശേഷം മാത്രമേ പറയാൻ സാധിക്കൂ എന്ന് പറയുകയുണ്ടായി. വെള്ളപ്പൊക്കത്തിനുള്ള പണമല്ലാതെതന്നെ മുഴുവനായി നടപ്പാതകളും നടപ്പാലങ്ങളും ഒഴുകിപ്പോയ പഞ്ചായത്തുകളിൽ അൽപ്പമെങ്കിലും ഗതാഗതസൗകര്യം ജനങ്ങൾക്ക് കൊടുക്കുവാൻവേണ്ടി സ്പെഷ്യൽ ഗ്രാൻറ് അനുവദിക്കുമ്പോൾ ഇങ്ങനെയുള്ള പ്രദേശത്തുള്ള പഞ്ചായത്തുകൾക്ക് മുൻഗണന കൊടുക്കുവാൻ ഗവൺമെൻറ് തയ്യാറാകുമോ ?

ശ്രീ. സി. എം. സുന്ദരം : പരിശോധിച്ച് വേണ്ടത് ചെയ്യാം.

ശ്രീ. എസ്. ആർ. തങ്കരാജ് : സാമ്പത്തിക പരാധീനതമൂലം ഇന്ന് സംസ്ഥാനത്തിലെ പല പഞ്ചായത്തുകളിലും വഴിവിളക്കുകൾ കത്തുന്നില്ല. ഇക്കഴിഞ്ഞ പേമാരിമൂലം പല റോഡുകളും കിടങ്ങ് വീണുകിടക്കുകയാണ്. അതുകൊണ്ട് ജനങ്ങൾ സന്ധ്യ കഴിഞ്ഞാൽ വളരെ ബുദ്ധിമുട്ടുകയാണ്. ഈ

LIBRARY ARCHIVES Kerala Legislative Assembly

സാഹചര്യം കണക്കിലെടുത്ത് വഴിവിളക്കുകൾ കത്തിക്കാത്ത പഞ്ചായത്തുകൾക്കെങ്കിലും ഏതെങ്കിലും സ്പെഷ്യൽ ഗ്രാന്റുകൾ കൊടുത്ത് ആ പണം അടച്ച് വഴിവിളക്കുകൾ കത്തിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. സി. എം. സുന്ദരം : പ്രത്യേകം എഴുതി അറിയിച്ചാൽ അവയെല്ലാം പരിശോധിക്കുന്നതാണ്.

ശ്രീ പി. സീതിഹാജി : ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി പറഞ്ഞപ്പോൾ മലപ്പുറം ജില്ലയിൽ ബേസിക് ടാക്സ് ഇനത്തിൽ പത്തരലക്ഷം രൂപ സാമ്പത്തിക നിയന്ത്രണംകൊണ്ട് കൊടുക്കാൻ കഴിഞ്ഞില്ല എന്ന് പറഞ്ഞു. ആ പ്രദേശത്തെ ജനങ്ങളുടെ നികുതിയുടെ വിഹിതമായതുകൊണ്ട് കഴിഞ്ഞ കൊല്ലം കൊടുക്കാൻ കഴിയാത്ത സംഖ്യകൂടി ഇക്കൊല്ലം കൊടുക്കുന്നതിന് ആലോചിക്കുമോ ?

ശ്രീ. സി. എം. സുന്ദരം : കൂട്ടിക്കൊടുക്കുന്ന കാര്യത്തെപ്പറ്റി തീർത്തു പറയാൻ കഴിയില്ല. ഇക്കൊല്ലം കൊടുക്കാൻ കഴിയുന്നത് കൊടുക്കാം.

ശ്രീ. ലോനപ്പൻ നമ്പാടൻ : വെള്ളപ്പൊക്കത്തിന്റെ ഫലമായി കൂടുതൽ നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുള്ളത് പഞ്ചായത്ത് പ്രദേശങ്ങളിലാണ്. മറ്റു വകുപ്പുകൾക്ക് ദുരിതാശ്വാസഫണ്ടിൽനിന്ന് സംഖ്യ കിട്ടിയപ്പോൾ പഞ്ചായത്ത് വകുപ്പിന് ഒന്നും കിട്ടാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ ?

ശ്രീ. സി. എം. സുന്ദരം : അത് ഇപ്പോൾ വ്യക്തമാക്കാൻ സാദ്ധ്യമല്ല.

ശ്രീ. കെ. കെ. തോമസ് : പല പഞ്ചായത്തുകളുടെയും സ്ഥിതി സാമ്പത്തികമായി ഇന്ന് വളരെ ബുദ്ധിമുട്ടിലാണ്. ഗവൺമെന്റ് നൽകുന്ന സഹായങ്ങളും പരിമിതമാണ്. പഞ്ചായത്തുകൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് താൽക്കാലിക ഷെഡ്ഡുകൾ പണിയുന്നതിനുപോലും ഇന്ന് നിർവ്വാഹമില്ലാത്ത സ്ഥിതിയാണ്. ഇങ്ങനെയുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾ ഗവൺമെന്റ് വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിലേക്ക് കൈമാറ്റം ചെയ്യുന്നതിന് സത്വര നടപടി സ്വീകരിക്കുന്നതിന് അങ്ങ് തയ്യാറാകുമോ ?

ശ്രീ. സി. എം. സുന്ദരം : ഗ്രാന്റ് ഇനത്തിന്റെ കാര്യത്തിൽ ഇക്കാര്യത്തിന് മറുപടി പറയാൻ ബുദ്ധിമുട്ടുണ്ട്.

ശ്രീ. ജി. വരദൻ: சார், பஞ்சாயத்து ஆபீசுகளில் வேலை செய்யக்கூடிய உத்தியோகஸ்தர்களுக்கு சம்பளம் கொடுக்க முடியாத மூன்று பஞ்சாயத்துகள் என்னுடைய தொகுதியில் உள்ளன. பின்தங்கிய அதாவது ஹரிஜனங்கள் அதிகமாக உள்ள மறையூர், காந்தலூர், வட்டவடை என்ற பஞ்சாயத்துகள். ஆகையால் அமைச்சர். அவர்கள் பிரத்தேகமான நடவடிக்கை ஏதாவது எடுத்து இந்த நிலைமையை மாற்றுவதற்கு முன்வருவார்களா?

ശ്രീ. സി. എം. സുന്ദരം: பார்க்கலாம்.

ശ്രീ. എ. സി. ഷൺമുഖദാസ് : സർ, മറ്റ് ഡിപ്പാർട്ടുമെന്റുകളുടെ കൈവശം ഉള്ള റോഡുകൾക്ക് വെള്ളപ്പൊക്കത്തിൽ എത്ര നഷ്ടം ഉണ്ടായിട്ടുണ്ടെന്നും എത്ര രൂപ നഷ്ടപരിഹാരം കിട്ടണമെന്നും ഉള്ള കണക്ക് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്; പഞ്ചായത്ത് ഡിപ്പാർട്ടുമെന്റും പഞ്ചായത്തിന്റെ കൈവശമുള്ള റോഡുകൾക്ക് വെള്ളപ്പൊക്കംമൂലം എത്ര നഷ്ടം വന്നിട്ടുണ്ടെന്നും അതിന് എത്ര തുക കിട്ടണമെന്നും വല്ല മെമ്മോറാണ്ടവും സമർപ്പിച്ചിട്ടുണ്ടോ ? റവന്യൂവകുപ്പുമന്ത്രി സമർപ്പിച്ച മെമ്മോറാണ്ടത്തിൽ പഞ്ചായത്ത് വകുപ്പിന്റെ നഷ്ടം വല്ലതും തിട്ടപ്പെടുത്തിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എം. സുന്ദരം : പഞ്ചായത്ത് റോഡുകളുടെ കണക്കെല്ലാം ഉൾക്കൊള്ളിച്ചിട്ടുണ്ട്, അതിന്റെ വിശദവിവരം ഇപ്പോൾ പറയാൻ സാധിക്കുകയില്ല.

പരപ്പാറ ഡാമിന്റെ ചോർച്ച

340. [400] ശ്രീ. പി. വിജയദാസ് :
,, രമേശ് ചെന്നിത്തല :
,, എ. സി. ഷൺമുഖദാസ് :
,, തോപ്പിൽ രവി :
,, തെന്നല ജി. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കല്ലട ജലസേചന പദ്ധതിയുടെ തെന്മലയിലുള്ള പരപ്പാറ ഡാമിന്റെ ചില ഭാഗങ്ങളിൽ ചോർച്ചയുള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഗവൺമെന്റ് ഇതിൻമേൽ അന്വേഷണം നടത്തിയോ ;

(സി) അന്വേഷണത്തിന്റെ വെളിച്ചത്തിൽ സ്വീകരിച്ച നടപടികളെന്തെല്ലാം ;

(ഡി) ചോർച്ചയുടെ കാരണമെന്താണെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഈ പദ്ധതി എന്ന് കമ്മീഷൻ ചെയ്യാൻ സാധിക്കും ?

ജലസേചന വകുപ്പുമന്ത്രി (ശ്രീ. എം. പി. ഗംഗാധരൻ) : സർ,

(എ) ഉണ്ട്.

(ബി, സി) അന്വേഷണം നടത്തി. ചോർച്ച ആശങ്കയ്ക്ക് വക നൽകത്തക്കവണ്ണം വിപുലമല്ല. ഡാമിന്റെ പുറകുവശത്തുകൂടി വെള്ളത്തിന്റെ കിനിവുണ്ടായിട്ടുണ്ട്. ഇത് തടയാൻ ഡാമിലെ വെള്ളം താഴുന്ന മുറയ്ക്ക് ഡാം മേസനറി ഗ്രൗട്ട് ചെയ്യാനും ഡാമിന്റെ മുൻവശം ആവശ്യമുള്ളത്ര ഗണ്ണൈറ് ചെയ്യാനും നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. കൂടാതെ അണക്കെട്ടുകളുടെ നിർമ്മാണത്തിൽ അന്താരാഷ്ട്ര നിലവാരമുള്ള പ്രസിദ്ധർമാരടങ്ങിയ ഡാം റിവ്യൂപാനലിന്റെ മീറ്റിംഗ് ഉടൻതന്നെ വിളിച്ചു കൂട്ടുവാനും ഡാം പരിശോധിച്ചതിനുശേഷം മേൽ നടപടികൾ വേണ്ടിവന്നാൽ സത്വരമായി എടുക്കുവാനും ചീഫ് എൻജിനീയർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. കൂടാതെ സി. ഡബ്ല്യു. പി. സി. ഡയറക്ടേഴ്സും ഇന്ന് എത്തിയിട്ടുണ്ട്. അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും വളരെവേഗം നടപടികളെടുക്കുന്നതാണ്.

(ഡി) റബിംഗ് മേസനറി ഡാമുകളിൽ ആദ്യമുറയ്ക്ക് വെള്ളം നിർത്തുമ്പോൾ അൽപ്പമായ ചോർച്ചയോ വെള്ളത്തിന്റെ കിനിവോ ഉണ്ടാകാൻ സാദ്ധ്യതയുണ്ട്.

(ഇ) ഡാമിലെ ഗ്രൗട്ടിംഗും ഗണ്ണൈറ്റിംഗും തീരുന്ന മുറയ്ക്ക് 1985 ഒക്ടോബർ മാസത്തോടുകൂടി ഈ പദ്ധതി കമ്മീഷൻ ചെയ്യാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

ശ്രീ. പി. വിജയദാസ് : സർ, ഇപ്പോൾ കിട്ടിയ അന്വേഷണ റിപ്പോർട്ടനുസരിച്ച് ഈ ചോർച്ചയുടെ പ്രധാന കാരണം എന്താണെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly